## ദൈവത്തിന്റെ വിശ്വസ്ത സാക്ഷി

**I. ക്രിസ്തു ദൈവത്തിന്റെ വിശ്വസ്ത സാക്ഷിയും, സാക്ഷ്യവും ആവിഷ്കാരവും ആണ്; അവൻ ദൈവത്തെ ആവിഷ്കരിക്കുന്നത് അവന്റെ സാക്ഷ്യപ്പെടുത്തലാണ്**

- ക്രിസ്തു ദൈവത്തിന്റെ സാക്ഷിയാണ്, ദൈവത്തിന്റെ സാക്ഷ്യവും ആവിഷ്കാരവുമാണ്; സഭ ക്രിസ്തുവിന്റെ സാക്ഷ്യവും ആവിഷ്കാരവുമാണ്;
- ക്രിസ്തു ദൈവത്തിന്റെ സാക്ഷ്യവും, സഭ ത്രിയേക ദൈവത്തിന്റെ സംഘാത ആവിഷ്കാരമെന്ന നിലയിൽ വികാസംപ്രാപിച്ച ക്രിസ്തു എന്ന യേശുവിന്റെ സാക്ഷ്യവും ആണ്

## യേശുവിന്റെ സാക്ഷ്യം—പൊൻനിലവിളക്ക്

**II. യേശുവിന്റെ സാക്ഷ്യം ഏഴ് പൊൻനിലവിളക്കുകളാണ്—അവ പ്രകൃതത്തിൽ സ്വർണവും (ദിവ്യമായത്), ഇരുട്ടിൽ പ്രകാശിക്കുന്നതും, അന്യോന്യം സമാനവുമാണ്**

- പൊൻനിലവിളക്ക് ത്രിയേക ദൈവത്തെ പ്രതീകവൽകരിക്കുന്നു; സാരാംശമെന്ന നിലയിൽ പിതാവ് പുത്രനിൽ ദേഹരൂപമെടുക്കുകയും, ദേഹരൂപമെന്ന നിലയിൽ പുത്രൻ ആത്മാവിലൂടെ ആവിഷ്കരിക്കപ്പെടുകയും, സഭകളെന്ന നിലയിൽ ആത്മാവ് പൂർണമായി സാക്ഷാൽക്കരിക്കപ്പെടുകയും ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു; സഭകൾ യേശുവിന്റെ സാക്ഷ്യമാണ്
- യേശുവിന്റെ സംഘാത ആവിഷ്കാരമായ, യേശുവിന്റെ സാക്ഷ്യമായ പൊൻനിലവിളക്കുകളെ അനുഭവമാക്കണമെങ്കിൽ, യേശുവിന്റെ ആത്മാവിനാൽ നാം നിറയപ്പെടണം
- ഒരു വിളക്കുതണ്ട് രൂപപ്പെടുത്തുന്നതിന് സ്വർണത്തിന്റെ അടിപ്പുപണി ക്രിസ്തുവിന്റെ കഷ്ടങ്ങളിലുള്ള വിശ്വാസികളുടെ പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു
- പൊൻനിലവിളക്കുകളുടെ പ്രകാശം മനുഷ്യപുത്രനായ തേജോമയനായ ക്രിസ്തു അവരുടെ നടുവിൽ നടക്കുന്ന ദർശനം ആളുകൾ കാണുന്നതിനുവേണ്ടിയാണ്
- അവന്റെ അധികമധികമായ മേയ്പിനുവേണ്ടി നമ്മുടെ ദൈനംദിന ജീവിതത്തിലും സഭാജീവിതത്തിലും ദിനംപ്രതി കർത്താവിന്റെ പ്രകാശം നമുക്ക് കൂടുതൽ കൂടുതൽ ആവശ്യമാണ്
- പ്രകാശിപ്പിക്കൽ ദൈവത്തിന്റെ കരുണയിൽ അധിഷ്ഠിതമാണ്
- പ്രകാശിപ്പിക്കപ്പെടുവാനായി:
  - കർത്താവിനെ മാത്രം അന്വേഷിക്കുന്നതിൽ നമ്മുടെ ഹൃദയത്തെ ഏകാഗ്രമാക്കണം
  - നാം നമ്മെത്തന്നെ കർത്താവിനു തുറക്കണം
  - നാം നമുക്കുതന്നെ ഒരു വിരാമമിടണം;
  - നമ്മുടെ ഉള്ളിലും പുറമെയും സംസാരിക്കുന്ന ആത്മാവിന്റെ വെളിച്ചത്തോട് നാം തർക്കിക്കരുത്
  - നാം തുടർച്ചയായി വെളിച്ചത്തിൽ ജീവിക്കണം

## യേശുവിന്റെ സാക്ഷ്യം—വലിയ പുരുഷാരം

**III. യേശുവിന്റെ സാക്ഷ്യം ആലയത്തിൽ ദൈവത്തെ സേവിക്കുന്ന വലിയ പുരുഷാരം, അതായത്, ഇന്ന് ആസ്വദിക്കുവാൻ കഴിയുന്നതായ, സ്വർഗീയങ്ങളിലും ക്രിസ്തുവിലുമുള്ള എല്ലാ ആത്മിക അനുഗ്രഹങ്ങളോടും കൂടെ ദൈവത്തിന്റെ കരുതലും കുഞ്ഞാടിന്റെ മേയ്പും ആസ്വദിക്കുവാൻ സ്വർഗത്തിലേക്ക് ഉൾപ്രാപണം ചെയ്യപ്പെട്ട ദൈവത്തിന്റെ വീണ്ടെടുക്കപ്പെട്ടവരുടെ ആകത്തുകയാണ്**

- വലിയ പുരുഷാരത്തിൽ സകല രാഷ്ട്രങ്ങളിൽനിന്നും, എല്ലാ ഗോത്രങ്ങളിലും ജനങ്ങളിലും ഭാഷകളിലും നിന്നും സഭയുടെ ഘടകാംശങ്ങളാകുവാൻ കുഞ്ഞാടിന്റെ രക്തത്താൽ വിലയ്ക്ക് വാങ്ങപ്പെട്ടവർ അടങ്ങുന്നു
- “ഇവർ മഹോപദ്രവത്തിൽനിന്ന് വരുന്നവരാകുന്നു,...”
  - മഹോപദ്രവം നാം യുഗങ്ങളിലുടനീളം അനുഭവിച്ച സകല ക്ലേശങ്ങളെയും പരാമർശിക്കുന്നു
  - കുഞ്ഞാടിന്റെ രക്തം പിശാചിന്മേൽ നമുക്ക് വിജയം നൽകുന്നു
  - അങ്കി കഴുകുകയെന്നാൽ കുഞ്ഞാടിന്റെ രക്തത്തിന്റെ കഴുകൽ മുഖാന്തരം നമ്മുടെ പെരുമാറ്റം വെടിപ്പായി സൂക്ഷിക്കുക എന്നാണ്
- ആ വലിയ പുരുഷാരം തങ്ങളുടെ കൈകളിൽ പനയോല പിടിച്ചുംകൊണ്ട് സിംഹാസനത്തിനു മുമ്പാകെയും കുഞ്ഞാടിനു മുമ്പാകെയും നിൽക്കുന്നു
  - പനയോലകൾ നാം കർത്താവിൻ നിമിത്തം അനുഭവിച്ച ഉപദ്രവങ്ങളുടെമേലുള്ള നമ്മുടെ വിജയത്തെ സൂചിപ്പിക്കുന്നു. നനയ്ക്കപ്പെടുന്നതിലൂടെ നേടുന്ന സംതൃപ്തിയുടെ ഒരു അടയാളവുമാണ് പനകൾ
  - ഇന്ന് സമയത്തിലുള്ള നമ്മുടെ സേവനം നിത്യതയിലുള്ള നമ്മുടെ സേവനത്തിനു വേണ്ടിയുള്ള ഒരു ഒരുക്കമാണ്
- നമുക്ക് ഇനിമേൽ വിശക്കുകയോ ഇനിമേൽ ദാഹിക്കുകയോ ഇല്ല
  - നമ്മുടെ ആത്മാവിലുള്ള ആത്മാവായ ദൈവത്തെ ബന്ധപ്പെടുന്നത് ജീവജലം കുടിക്കുന്നതും, അത് ദൈവത്തിന് യഥാർഥ ആരാധന നൽകുന്നതും ആണ്
- പൊള്ളുന്ന സൂര്യനും ഉഷ്ണക്കാറ്റും നമ്മുടെമേൽ തട്ടുകയില്ല
  - സിംഹാസനത്തിന്മേൽ ഇരിക്കുന്ന കുഞ്ഞാട്-ദൈവം അവനെക്കൊണ്ടുതന്നെ നമ്മെ നിഴലിട്ടുകൊണ്ട് നമ്മുടെമേൽ കൂടാരമടിക്കും
  - ദൈവത്തിന്റെ നിഴലിടലിൻകീഴിൽ ഒരുതരം ജീവനുണ്ട്—അത് ദൈവത്തിൽ മറഞ്ഞിരിക്കുന്ന ഒരു ജീവനാണ്
- സിംഹാസനത്തിന്റെ മധ്യേയുള്ള കുഞ്ഞാട് നമ്മെ മേയ്ക്കുകയും ജീവജലത്തിന്റെ ഉറവുകളിലേക്ക് നമ്മെ വഴിനടത്തുകയും ചെയ്യും
  - ക്രിസ്തുവിന്റെ മേയ്പിൻ കീഴിൽ “എനിക്ക് ഒന്നിനും മുട്ടില്ല”
  - ദൈവത്തിന്റെ കുഞ്ഞാടെന്ന നിലയിലുള്ള അവന്റെ അനുഭവംകൊണ്ട് അവൻ കുഞ്ഞാടുകളെ പോറ്റുന്നു
- അവൻ നമ്മുടെ കണ്ണുകളിൽനിന്ന് കണ്ണുനീരെല്ലാം തുടച്ചുകളയും
  - നമ്മുടെ കണ്ണുനീർ ദൈവത്തിന്റെ തുരുത്തിയിൽ ആക്കിവയ്ക്കുകയും അവന്റെ പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു

## സഭയുമായി ബന്ധപ്പെട്ട് യേശുവിന്റെ സാക്ഷ്യത്തെ സൂചിപ്പിക്കുന്ന "അടയാളങ്ങൾ"

അധ്യായം 1—പൊൻനിലവിളക്കുകൾ
7—വലിയ പുരുഷാരം
12—സ്ത്രീയും ആൺകുട്ടിയും
14— ആദ്യഫലവും കൊയ്ത്തും
15—കണ്ണാടിക്കടലിന്മേലുള്ള ജയാളികൾ (വൈകി എത്തിയ ജയാളികൾ)
19—മണവാട്ടി (സൈന്യം)
21, 22—പുതിയ യെരൂശലേം